# പതിനാലാം കേരളനിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.6775 04/04/2018-ൽ മറുപടിക്ക്

## മലപ്പുറം ജില്ലയിലെ വില്ലേജാഫീസിൽ നിന്നും സാക്ഷ്യപത്രം ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.മഞ്ഞളാംകുഴി അലി** | **ശ്രീ.ഇ.ചന്ദ്രശേഖരൻ**<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ന്യൂനപക്ഷ വിധവകൾക്കും/വിവാഹ ബന്ധം വേർപ്പെടുത്തിയവർക്കും/ ഉപേക്ഷിക്കപ്പെട്ടവർക്കുമുള്ള ഭവന പുനരുദ്ധാരണ പദ്ധതി പ്രകാരം അപേക്ഷ സമർപ്പിക്കുന്നവർക്ക് ആവശ്യമായ സാക്ഷ്യപത്രം മലപ്പുറം ജില്ലയിലെ വില്ലേജ് ഓഫീസർമാരിൽ നിന്നും ലഭിക്കുന്നതിന് ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) യഥാസമയം ആവശ്യമായ സാക്ഷ്യപത്രം ലഭിക്കാത്തത് കാരണം ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടാവുന്നത് ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ ഇത്തരം അപേക്ഷകൾക്കാവശ്യമായ സാക്ഷ്യപത്രം സമയബന്ധിതമായി നൽകുന്നതിന് നടപടി സ്വീകരിക്കുവാൻ വില്ലേജ് ഓഫീസർമാർക്ക് കർശന നിർദ്ദേശം നൽകുമോ? | (ബി) ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെടുന്ന വിധവ/ വിവാഹബന്ധം വേർപെടുത്തിയ/ ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഇമ്പിച്ചിബാവ ഭവന പുനരുദ്ധാരണ പദ്ധതി പ്രകാരം അപേക്ഷ സമർപ്പിക്കുന്നവർക്കാവശ്യമായ സാക്ഷ്യപത്രം നൽകാൻ വില്ലേജ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മേൽ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നഷ്ടപ്പെടുന്ന സാഹചര്യം ഇല്ല. കാരണം, വില്ലേജ് ഓഫീസർമാരുടെ ഫീൽഡ് വെരിഫിക്കേഷൻ റിപ്പോർട്ടിനെ മാനദണ്ഡമാക്കിയാണ് ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുന്നത്. |

ലഭ്യമായ എല്ലാ അപേക്ഷകളിലും ഫീൽഡ് വെരിഫിക്കേഷൻ റിപ്പോർട്ട് സമർപ്പിക്കാൻ വില്ലേജ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**